# നാളികേര ബോർഡിന്റെ ആവശ്യം തള്ളി; 'നീര' അബ്കാരിയുടെ പിടിയിൽ തുടരും

സ്വന്തം ലേഖകൻ

തിരുവനന്തപുരം ● നീരയെ അബ്കാരി നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കണമെന്ന നാളികേര വികസന ബോർഡിന്റെ ആവശ്യം സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി നിരസിച്ചു. എക്സൈസ് വകുപ്പിന്റെ പൂർണ നിയന്ത്രണത്തിൽ തന്നെയായിരിക്കും നീരയുടെ ഉൽപാദനം. നിലവിലുള്ള അംഗീകൃത ചെത്തു തൊഴിലാളികൾക്കു തൊഴിൽസംരക്ഷണം ഉറപ്പുനൽകണമെന്നും സമിതിയുടെ അന്തിമ റിപ്പോർട്ട് ശുപാർശ ചെയ്യുന്നു. റിപ്പോർട്ട് നാളെ മന്ത്രി കെ. ബാബുവിനു സമർപ്പിക്കും.

അബ്കാരി നിയമത്തിൽ നിന്ന് ഒഴിവാക്കിയാൽ നീര ദുരുപയോഗം ചെയ്യപ്പെടുമെന്നാണു സമിതിയുടെ നിലപാട്. നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ടു തന്നെ നീര ഉൽപാദിപ്പിക്കാനും സാധാരണ വിപണിയിലൂടെ വിൽക്കാനും അനുമതി നൽകാവുന്നതാണെന്നും റിപ്പോർട്ടിൽ പറയുന്നു. അതേസമയം, അബ്കാരി നിയമത്തിലെ നീര ഉൽപാദനത്തിനുള്ള നിബന്ധനകൾ ഭേദഗതി ചെയ്തു നീര ചെത്താൻ നാളികേര വികസന ബോർഡിന്റെ നേതൃത്വത്തിൽ രൂപവൽക്കരിക്കുന്ന കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റികൾക്ക് അനുമതി നൽകാവുന്നതാണെന്നും റിപ്പോർട്ടിൽ പറയുന്നു. നിലവിൽ നീര ഉൽപാദിപ്പിക്കാൻ ബവ്റിജസ് കോർപറേഷനു മാത്രമേ അധികാരമുള്ളു.

വിദഗ്ധ സമിതിയിലെ തൊഴിലാളി സംഘടനകളുടെ ആവശ്യം കൂടി കണക്കിലെടുത്താണു നീര ഉൽപാദനത്തിനുള്ള കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റിയിൽ നിലവിലുള്ള അംഗീകൃത ചെത്തുതൊഴിലാളികളെ നിർബന്ധമായി അംഗങ്ങളാക്കണമെന്ന നിർദേശം ഉൾപ്പെടുത്തിയത്. കഴിഞ്ഞ ദിവസം ചേർന്ന സമിതിയുടെ അവസാന യോഗത്തിലാണ് ഈ തീരുമാനമുണ്ടായത്. കള്ള്, നീര വികസന ബോർഡ് രൂപവൽക്കരിക്കണമെന്നും റിപ്പോർട്ടിൽ നിർദേശിച്ചതായി അറിയുന്നു.